**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2387**

**12.02.2020 ൽ മറുപടിക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.എം. രാജഗോപാലൻ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനം സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ചിട്ടുളള കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്ച്.എൻ.എൽ], വെള്ളൂർ എന്നീ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനാണ് അവയെ സംസ്ഥാനം ഏറ്റെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. ഈ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ താഴെ വിവരിക്കും പ്രകാരമാണ് |
| (ബി) | വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള ചെലവെത്രയാണ്; വ്യക്തമാക്കുമോ; | | |
| (സി) | കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് ഭെൽ ഇ.എം.എൽ എന്നിവ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | | **ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്**<br>കേരളാ ഇലക്ട്രിക്കൽ ആൻഡ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള സർക്കാരും ബി.എച്.ഇ.എൽ മായി കരാർ ഒപ്പുവെയ്ക്കാവുന്നതിനുള്ള അന്തിമ തീരുമാനം കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.<br><br>**ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്**<br><br>ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാടിന്റെ 31/03/2017 പ്രകാരമുള്ള ആസ്തി ബാധ്യതകൾ നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ആസ്തികൾ ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.<br><br>എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത വിഷയത്തിന്മേൽ അന്തിമ തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല.<br><br>**ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്.എൻ.എൽ]**<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ [എച്.എൻ.എൽ] കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവം മൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ |

| | | | |
|---|---|---|---|
| | | | നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവർത്തിച്ചുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കുവാനുള്ള സന്നദ്ധത അറിയിച്ച് തുടർനടപടികൾ സ്വീകരിക്കുകയുണ്ടായി.<br><br>സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിൻെറ നടപടികൾ മൂലമുണ്ടായ വിവിധ കാരണങ്ങളാൽ സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉൽപ്പാദനം നിർത്തിവെച്ചിരിക്കുകയാണ്. നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഡൽഹി ബെഞ്ചിൻെറ 25-11-2019ലെ തീരുമാന പ്രകാരം മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷിപ്തമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിൻെറ 100% ഓഹരികളും 25 കോടിരൂപയ്ക്ക് കേരള സർക്കാരിന് കൈമാറുവാൻ ഉത്തരവായി. എന്നാൽ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28-11-2019ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രൊസെസ്സിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയുമാണ്. |
| (ഡി) | ആരോഗ്യ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിൽക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അവ സംസ്ഥാനത്തിനു കൈമാറാൻ ആവശ്യം ഉന്നയിക്കുമോ; | (ഡി) | നീതി ആയോഗിൻെറ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിലെ കേന്ദ്ര സർക്കാരിൻെറ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയതായാണ് അറിയുന്നത്. |

| | | | |
|---|---|---|---|
| **(ഇ)** | പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | **(ഇ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നു.<br><br>കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | ഒരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. കൂടാതെ കമ്പനികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു.<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിൻെറ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തി വരുന്നു.<br><br>ഇതിൻെറ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**